(ജി) മിനിമം വേതന ലംഘന കേസ്സുകളിൽ സ്വീകരിച്ചു വരുന്ന നടപടി എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) തൊഴിൽ മേഖലകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു†.

(സി) ഉണ്ട്. മിനിമം വേതന നിയമത്തിന്റെ പരിധിയിൽ ഇനിയും ഉൾപ്പെടുത്താനുള്ള തൊഴിൽ മേഖലകളെക്കുറിച്ചുള്ള വിവരം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അത്തരം തൊഴിൽ മേഖലകളെ പ്രസ്തുത നിയമത്തിന്റെ പരിധിയിലുൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ആയിരത്തിൽ കുറയാത്ത തൊഴിലാളികൾ പണിയെടുക്കുന്ന തൊഴിൽ മേഖലകളെയാണ് സാധാരണയായി മിനിമം വേതനനിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നത്.

(ഇ) ഉണ്ട്.

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാർച്ച് 2000 വരെ മിനിമം വേതന നിയമപ്രകാരം 104574 പരിശോധനകൾ നടത്തുകയും 3987 കേസ്സുകൾ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്കെതിരെ 1998 മുതൽ 30-9-2000 വരെ 913 ക്ലെയിം പെറ്റീഷനുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(ജി) തൊഴിൽ നിലയങ്ങളുടെ ശരിയായ പരിപാലനം ഉറപ്പു വരുത്തുന്നതിനും തൊഴിൽ നിയമങ്ങൾ നടപ്പാക്കാത്ത സ്ഥാപനങ്ങളുടെ മേൽ നടപടി എടുക്കുന്നതിനുമായി തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു. കുറഞ്ഞ കൂലി നൽകാത്ത സ്ഥാപനയുടമകൾക്കെതിരെ തൊഴിലാളികളും തൊഴിലാളി സംഘടനകളും ക്ലെയിം പെറ്റീഷനുകൾ ഫയൽ ചെയ്യുന്നതിനു പുറമേ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥന്മാരും ക്ലെയിം പെറ്റീഷനുകൾ ഫയൽ ചെയ്തു വരുന്നു.

കൃഷിഭൂമി വായ്പാ പദ്ധതി

19 (*197) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സത്യൻ മോകേരി :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. സി. എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(എ) പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളെ ഭൂവുടമകളാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ കൃഷിഭൂമി വായ്പാ പദ്ധതി ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇതിന് എത്ര രൂപവരെ സബ്സിഡിയായി നൽകുന്നുണ്ട് ; ബാക്കി ആവശ്യമായ തുക വായ്പയായി നൽകുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) ഇതിനകം എത്ര പേർക്ക് ഈ പദ്ധതിമൂലം പ്രയോജനം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) കുറഞ്ഞത് 50 സെന്റെങ്കിലും കൃഷിഭൂമി വാങ്ങുന്നതിന് ആവശ്യമായിവരുന്ന തുകയുടെ 50 ശതമാനമോ അല്ലെങ്കിൽ പരമാവധി 50,000 രൂപ എന്ന നിരക്കിൽ സബ്സിഡിയായി നൽകുന്നുണ്ട്. അതിനാവശ്യമായ തുക പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വായ്പയായി നൽകുന്നു.

(സി) 836 പട്ടികജാതി കുടുംബങ്ങൾക്ക് ഈ പദ്ധതിമൂലം ഇതിനകം പ്രയോജനമുണ്ടായിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി തൊഴിൽ പരിശീലനകേന്ദ്രങ്ങൾ

20 (*198) ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി എത്ര തൊഴിൽ പരിശീലന കേന്ദ്രങ്ങളുണ്ട് ; എവിടെയെല്ലാം ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ വിഭാഗത്തിനായി പുതിയ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) ഓരോ സ്ഥാപനങ്ങളിലും ഏതെല്ലാം കോഴ്സുകൾക്കാണ് പരിശീലനം നൽകുന്നത് ;

(ഡി) വർദ്ധിച്ചുവരുന്ന തൊഴിൽ സാദ്ധ്യത പരിഗണിച്ച് ഈ സ്ഥാപനങ്ങളിൽ കംപ്യൂട്ടർ പരിശീലനം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 41 വ്യവസായ പരിശീലന കേന്ദ്രങ്ങളും 3 ഉല്പാദന പരിശീലന കേന്ദ്രങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഒരു ഐ.റ്റി.സി.യും 23 തൊഴിൽ പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. വിശദവിവരം അനുബന്ധം I ആയി ചേർത്തിട്ടുണ്ട്†.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly